"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (KITE) ൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാസ്റ്റർ ട്രെയിനർമാരായി നിയമിച്ച ഉത്തരവുകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.9/2024/GEDN തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:-

1. 27.10.2022 ലെ സ.ഉ.(സാ.ധാ.)നം. 6182/2022/പൊ.വി.വ.
2. 28.07.2023 ലെ സ.ഉ.(കൈ) നം.107/2023/പൊ.വി.വ.
3. 25.09.2023, 14.12.2023 എന്നീ തീയതികളിലെ കൈറ്റ് സി.ഇ.ഒ. യുടെ കൈറ്റ്/2023/1234 (17), കൈറ്റ്/2023/1234 (20) നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം ഉത്തരവ് പ്രകാരം സർക്കാർ/എയിഡഡ് സ്കൂളുകളിലെ അധ്യാപകരെ ചില വ്യവസ്ഥകളോടെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ KITE മാസ്റ്റർ ട്രെയിനർമാരായി നിയമിച്ചിരുന്നു.പ്രസ്തുത അദ്ധ്യാപകരുടെ വർക്കിംഗ് അറേഞ്ച്മെന്റ് കാലഘട്ടം 26.10.23 വരെ മാത്രമായി നിജപ്പെടുത്തിയിരുന്നു.

2) ചുവടെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് മേൽ പരാമർശിച്ച ഉത്തരവുകൾ ഭേദഗതി ചെയ്യണമെന്ന്പ രാമർശം (3) കത്തിൽ സി.ഇ.ഒ. കൈറ്റ് അഭ്യർത്ഥിച്ചിരുന്നു.

I) 28.07.2023ലെ സ.ഉ.(കൈ)107/2023/പൊ.വി.വ. ഉത്തരവിൽ "പ്രൊട്ടക്റ്റഡ് അധ്യാപകരെ ലഭിക്കാത്ത അവസരങ്ങളിൽ സ്കൂളുകൾക്ക് നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് അധിക സാമ്പത്തികബാദ്ധ്യത ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയോഗിക്കാവുന്നതും ഇതിനുള്ള വേതനം കൈറ്റ് സ്കൂളുകൾക്ക് നൽകേണ്ടതുമാണ്".

II) 28.07.2023 ലെ സ.ഉ.(കൈ)107/2023/പൊ.വി.വ. ഉത്തരവിൽ മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുന്ന അധ്യാപകരുടെ വർക്കിംഗ് അറേഞ്ച്മെന്റ് കാലഘട്ടം 26.10.23 വരെ നിജപ്പെടുത്തിയിരുന്നത് 31.05.2025വരെ (ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് 26.10.2024 എന്നത് അദ്ധ്യയന വർഷത്തിന്റെ പകുതിയിലായതിനാൽ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതുവരെ) ദീർഘിപ്പിക്കുക.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് മേൽപരാമർശ ഉത്തരവുകൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പരാമർശം (1) ഉത്തരവ് പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ KITE മാസ്റ്റർ ട്രെയിനർമാരായി നിയോഗിക്കുകയും പരാമർശം (2) പ്രകാരം വ്യവസ്ഥകളോടെ വർക്കിംഗ് അറേഞ്ച്മെന്റ് സാധൂകരിക്കുകയും ചെയ്ത അധ്യാപകരെ 2024 - 2025 അധ്യയന വർഷം ആരംഭിക്കുന്നതുവരെ (31.05.2024 വരെ) തുടരാൻ അനുവദിക്കുന്നു.

ii) അധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കുമ്പോൾ സ്കൂളുകളിൽ നിയമിക്കുന്നതിന് പ്രൊട്ടക്റ്റഡ് അധ്യാപകരെ ലഭിക്കാത്ത അവസരങ്ങളിൽ അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയോഗിക്കാവുന്നതും ഇതിനുള്ള വേതനം കൈറ്റ് സ്കൂളുകൾക്ക് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ.2011)
ധനകാര്യവകുപ്പ് (E:2435896/EDN-B1/218/2023-FIN)
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഐ&പി.ആർ.ഡി., വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sindhu S
Date: 22-01-2024 15:42:25
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.